ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ഇന്ത്യയും യുകെയും സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെച്ചു ; കരാറിലൂടെ ഇന്ത്യൻ ഉത്പന്നങ്ങൾക്ക് കൂടുതൽ വ്യാപാര സാധ്യതകൾ ലഭിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   India and UK signed the historic Free Trade Agreement today. Prime Minister Narendra Modi said Indian products will gain greater trade opportunities through the agreement.

2) രണ്ട് ദിവസത്തെ യുകെ സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മാൽദീവ്സിലെത്തും; പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും.

   After two-day UK visit, the Prime Minister Narendra Modi will reach Maldives tomorrow; PM will hold talks with President Mohamed Muizzu.

3) വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   Following opposition protests over various issues, both houses of Parliament adjourned for the day.

4) ദേശീയ സഹകരണ നയം 2025 കേന്ദ്രമന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ പുറത്തിറക്കി; 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ നയം നിർണായകമെന്ന് കേന്ദ്രമന്ത്രി.

Minister of Cooperation Amit Shah today unveiled the National Cooperative Policy 2025 in New Delhi. Mr Shah said the Policy will play a huge role in achieving the goal of Viksit Bharat 2047.

5) കേരളത്തിൽ കനത്ത മഴ തുടരും. നാളെ 6 ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് നിയന്ത്രണം.

Heavy rain will continue in Kerala. Orange alert has been issued in six districts for tomorrow; Fishing ban imposed along the Kerala, Karnataka, and Lakshadweep coasts.

6) അംഗാറ എയർലൈൻസിൻറെ റഷ്യൻ വിമാനം തകർന്നു വീണ് 49 യാത്രക്കാരും മരിച്ചു.

Russian aircraft operated by Angara Airlines crashed killing all 49 people on board.

********************************

## REV EVE PM LONDON 1 (INTRO)

ഇന്ത്യയും യുകെയും സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി ലണ്ടനിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് കരാറിൽ ഒപ്പുവെച്ചത്. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിലെ ചരിത്രപരമായ ദിവസമാണിതെന്ന് സംയുക്ത പ്രസ്താവനയിൽ ശ്രീ നരേന്ദ്ര മോദി വിശേഷിപ്പിച്ചു. ഇന്ത്യൻ വസ്ത്രങ്ങൾ, പാദരക്ഷകൾ, ആഭരണങ്ങൾ, സമുദ്രോത്പന്നം, എൻജിനീയറിങ് ഉത്പന്നങ്ങൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവയ്ക്ക് കരാറിലൂടെ കൂടുതൽ വ്യാപാര സാധ്യത ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ് - പ്രധാനമന്ത്രി)

********************************

## REV EVE PM LONDON 2 (INTRO)

യൂറോപ്യൻ യൂണിയനിൽ നിന്ന് പിൻവാങ്ങിയ ശേഷം യുകെ കൈക്കൊണ്ട ഏറ്റവും വലുതും നിർണായകവുമായ വ്യാപാര കരാറാണ് ഇന്ത്യയുമായി ഒപ്പ് വച്ചതെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമർ പ്രതികരിച്ചു.

(ഹോൾഡ് വോയ്സ് കിയർ സ്റ്റാമർ......... )

ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിലായിരുന്നു ഇന്ത്യ-യു.കെ പ്രധാനമന്ത്രിമാരുടെ കൂടിക്കാഴ്ച നടന്നത്. nപ്രധാനമന്ത്രി നരേന്ദ്രമോദി ബ്രിട്ടീഷ് രാജാവ് ചാൾസ് മൂന്നാമനേയും സന്ദർശിക്കും.

*******************************

## PM - MALDIVES

രണ്ട് ദിവസത്തെ യുകെ പര്യടനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മാൽദീവ്സിലെത്തും. പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. മാൽദീവ്സിൻറെ 60-ാം സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ ശ്രീ നരേന്ദ്ര മോദി മറ്റെന്നാൾ വിശിഷ്ടാതിഥിയായി പങ്കെടുക്കും.

*******************************

## CII-INDIA-UK-FTA

ഇന്ത്യ- യുകെ സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവയ്ച്ചതിനെ സ്വാഗതം ചെയ്ത് കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി. ഉഭയകക്ഷി സാമ്പത്തിക ബന്ധങ്ങളിൽ നിർണായക മാറ്റങ്ങൾ സൃഷ്ടിക്കുന്നതാണ് കരാറെന്ന് CII പ്രതികരിച്ചു.

*******************************

## PARLIAMENT

ബിഹാർ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ആദ്യം രണ്ട് മണിവരെ നിർത്തിവച്ച ലോക്സഭ വീണ്ടും ചേർന്നെങ്കിലും പിരിയുകയായിരുന്നു. ചോദ്യോത്തര വേള തടസ്സപ്പെടുത്തരുതെന്നും സഭയുടെ അന്തസ്സ് ഉയർത്തുന്ന രീതിയിൽ അംഗങ്ങൾ പെരുമാറണമെന്നും സ്പീക്കർ ഓം ബിർള പറഞ്ഞു. രാജ്യസഭയിൽ ബില്ലുകൾ പരിഗണയ്ക്ക് എടുത്തെങ്കിലും പ്രതിപക്ഷ ബഹളത്തെ തുടർന്ന് ആദ്യം രണ്ട് മണിവരെയും പിന്നീട് ഇന്നത്തേക്കും പിരിയുകയായിരുന്നു. കാലാവധി പൂർത്തിയാക്കിയ ആറ് രാജ്യസഭാംഗങ്ങളുടെ യാത്രയയപ്പും പുതിയ അംഗമായ ഉജ്വൽ നികമിൻറെ സത്യപ്രതിജ്ഞയും ഇന്ന് സഭയിൽ നടന്നു.

*********************************

## LS – BOEING 787

ഇന്ത്യയിൽ 33 ബോയിംഗ് 787 ഡ്രീംലൈനർ വിമാനങ്ങളുണ്ടെന്ന് കേന്ദ്ര സർക്കാർ. ഇതിൽ 31 എണ്ണത്തിൻറെ പരിശോധന പൂർത്തിയായതായും എട്ട് വിമാനങ്ങളിൽ ചെറിയ അറ്റകുറ്റപണികൾ നടത്തിയതായും വ്യോമയാന സഹമന്ത്രി മുരളീധർ മൊഹോ ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ അറിയിച്ചു. അറ്റകുറ്റപണികൾ പൂർത്തിയാക്കിയ ശേഷം വിമാനങ്ങൾ വിട്ടയച്ചതായും അദ്ദേഹം പറഞ്ഞു.

*********************************

## PREZ–ARTISTS

കലാ ഉത്സവിന്റെ രണ്ടാം പതിപ്പിൽ പങ്കെടുക്കാൻ എത്തിയ 29 കലാകാരൻമാർ രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സന്ദർശിച്ചു. കലാ ഉത്സവിന്റെ ഭാഗമായി ഈ മാസം 14 മുതൽ രാഷ്ട്രപതി ഭവനിൽ

കഴിയുകയാണ് ഝാർഖണ്ഡ്, ഒഡീഷ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ നിന്നുള്ള കലാകാരൻമാർ.

*******************************

## ASHWINI VAISHNAW

രാജ്യത്തെ സെമികണ്ടക്ടർ ഡിസൈൻ മേഖല അനുദിനം ശക്തി പ്രാപിക്കുന്നുവെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് . കേന്ദ്ര ഐടി മന്ത്രാലയത്തിന്റെ ഡിസൈൻ ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതിയുടെയും ചിപ്സ് ടു സ്റ്റാർട്ടപ്പ് പദ്ധതിയുടെയും സഹകരണത്തോടെയാണ് ഇത് സാധ്യമായതെന്നും അദ്ദേഹം പറഞ്ഞു. ചിപ്പ് ഡിസൈൻ പദ്ധതിക്ക് കീഴിൽ സ്റ്റാർട്ടപ്പായ നേത്രസെമിക്ക് 107 കോടി രൂപയുടെ വെഞ്ച്വർ ക്യാപിറ്റൽ നിക്ഷേപം ലഭിച്ചു.

*******************************

## ED – RELIANCE RAID

റിലയൻസ് അനിൽ അംബാനി ഗ്രൂപ്പ് കമ്പനികൾക്കതിരെയുള്ള വായ്പ തട്ടിപ്പ്, കള്ളപ്പണം വെളുപ്പിക്കൽ കേസ് എന്നിവയുമായി ബന്ധപ്പെട്ട് 35 ഇടങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടേറ്റ് തിരച്ചിൽ നടത്തി. 50 കമ്പനികളിലായി 25 ലധികം പേരിലാണ് അന്വേഷണം നടക്കുന്നത്. 2017 നും 2019നും ഇടയിൽ സ്വകാര്യ ബാങ്കിലേക്ക് 3,000 കോടിയിലധികം രൂപയുടെ വായ്പാ തിരിമറി നടന്നിട്ടുണ്ടെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതായി ഇ ഡി അറിയിച്ചു.

*******************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന്. പരിപാടിയുടെ 124 -ാാം പതിപ്പ് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും.

പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും നാളെ വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

*******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*******************************

## AMIT SHAH - COOPERATIVE POLICY (INTRO)

ദേശീയ സഹകരണ നയം 2025 കേന്ദ്രമന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ പുറത്തിറക്കി. 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ ദേശീയ സഹകരണ നയം നിർണായക സംഭാവനകൾ നൽകുമെന്ന് അദ്ദേഹം പറഞ്ഞു. താഴെ തട്ടിലുള്ളവരെ കൂടി ഉൾപ്പെടുത്തി അഭിവൃദ്ധി എന്ന ദർശനം സാക്ഷാത്കരിക്കുകയാണ് നയത്തിൻറെ ലക്ഷ്യമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്...)

*******************************

## INDIA CHINA

ചൈനീസ് പൗരന്മാർക്കുള്ള ടൂറിസ്റ്റ് വിസ അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം ഇന്ത്യ പുനഃരാരംഭിച്ചു. ഓൺലൈൻ അപേക്ഷയും ആവശ്യമായ രേഖകളും ബീജിംഗ്, ഷാങ്ഹായ്, ഗ്വാങ്ഷോ എന്നിവിടങ്ങളിലെ ഇന്ത്യൻ വിസ അപേക്ഷാ കേന്ദ്രങ്ങളിൽ നേരിട്ട് നൽകാവുന്നതാണെന്ന് ബീജിംഗിലെ ഇന്ത്യൻ എംബസി

അറിയിച്ചു. കൈലാസ്- മാനസസരോവര്‍ തീര്‍ത്ഥാടനം പുനരാരംഭിച്ചതിന് പിന്നാലെയാണ് നടപടി.

*******************************

## RUSSIAN –PLANE CRASH

അംഗാറ എയര്‍ലൈന്‍സിന്‍റെ റഷ്യന്‍ വിമാനം അമുര്‍ പര്‍വ്വത മേഖലയില്‍ തകര്‍ന്നു വീണ് 49 യാത്രക്കാരും മരിച്ചു. അഞ്ച് കുട്ടികളും ആറ് ജീവനക്കാരും മരിച്ചവരില്‍ ഉള്‍പ്പെടുന്നു. റഷ്യ-ചൈന അതിര്‍ത്തിയായ ടിന്‍ഡയിലേക്ക് പോകുകയായിരുന്ന വിമാനമാണ് അപകടത്തില്‍ പെട്ടത്. ലാന്‍ഡിങ്ങിന് തൊട്ട് മുന്‍പ് വിമാനത്തിന് തീ പിടിക്കുകയും വിമാനം റഡാറില്‍ നിന്ന് അപ്രത്യക്ഷമാകുകയുമായിരുന്നു. മോശം കാലാവസ്ഥയും കാഴ്ചപരിമിതിയുമാണ് അപകടകാരണമെന്നാണ് വിലയിരുത്തല്‍. സൈബീരിയന്‍ എയര്‍ലൈനായ അങ്കാരയുടെ അന്‍റോനോവ് എന്‍- 24 വിമാനമാണ് അപകടത്തില്‍പ്പെട്ടത്.

*******************************

## IND VS ENG

മാഞ്ചസ്റ്റര്‍ ക്രിക്കറ്റ് ടെസ്റ്റില്‍ ഇംഗ്ലണ്ടിനെതിരായ നാലാം ടെസ്റ്റിന്‍റെ ഒന്നാം ഇന്നിംഗ്സില്‍ ഇന്ത്യ 358 റണ്‍സിന് പുറത്ത്. നാല് വിക്കറ്റിന് 264 റണ്‍സ് എന്ന നിലയില്‍ ബാറ്റിംഗ് ഇന്നലെ അവസാനിപ്പിച്ച ഇന്ത്യ രണ്ടാം ദിനമായ ഇന്ന് 94 റണ്‍സ് കൂടി ചേര്‍ക്കുന്നതിനിടെ പുറത്താകുകയായിരുന്നു. ഇന്ത്യയ്ക്ക് വേണ്ടി വിക്കറ്റ് കീപ്പര്‍ ഋഷഭ് പന്ത് അര്‍ദ്ധ സെഞ്ച്വറി നേടി. പരമ്പരയില്‍ 2-1 ന് പിന്നിലുള്ള ഇന്ത്യക്ക് ഈ മത്സരം നിര്‍ണായകമാണ്.

*******************************

## EVE BADMINTON–CHINA OPEN

ചൈന ഓപ്പൺ ബാഡ്മിൻറൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ ഉന്നതി ഹൂഡ ക്വാർട്ടർ ഫൈനലിൽ കടന്നു. ചാങ്ഷൗവിൽ നടന്ന പ്രീ ക്വാർട്ടർ മത്സരത്തിൽ രണ്ട് തവണ ഒളിമ്പിക് മെഡൽ ജേതാവായ പി.വി. സിന്ധുവിനെയാണ് ഹൂഡ തോൽപ്പിച്ചത്. ഇതോടെ ഹൂഡ ചൈന ഓപ്പൺ ക്വാർട്ടർ ഫൈനലിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ താരമായി. പുരുഷ ഡബിൾസിൽ ഇന്ത്യയുടെ മുൻനിര ജോഡികളായ സാത്വിക്സായിരാജ് രങ്കിറെഡ്ഡി -ചിരാഗ് ഷെട്ടി സഖ്യം ഇന്തോനേഷ്യൻ ജോഡിയെ പരാജയപ്പെടുത്തി ക്വാർട്ടർ ഫൈനലിൽ കടന്നു.

******************************************

## WEATHER – KERALA

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. നാളെ 6 ജില്ലകളിൽ ഓഞ്ച് ജാഗ്രതയാണ്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 27 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

******************************************

## CABINET DECISIONS

കേരളത്തിൽ ഏറ്റവും കൂടുതൽ പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന വയനാട്, ഇടുക്കി ജില്ലകളിൽ ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർ തസ്തിക സൃഷ്ടിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ രണ്ടാംഘട്ട ക്യാമ്പസ് നിർമാണത്തിനായി 28 ഏക്കർ ഭൂമി കൈമാറാനും ധാരണയായി. മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ നിര്യാണത്തിൽ മന്ത്രിസഭായോഗം ദുഃഖം രേഖപ്പെടുത്തി.

******************************************

## SC STAYS BOMBAY HC ORDER

2006 മുംബൈ ട്രെയിൻ സ്ഫോടനക്കേസിലെ 12 പ്രതികളെയും വിട്ടയച്ച ബോംബെ ഹൈക്കോടതിവിധി സുപ്രീം കോടതി സ്റ്റേ ചെയ്തു. വിധി ചോദ്യം ചെയ്ത് മഹാരാഷ്ട്ര സർക്കാർ സമർപ്പിച്ച അപ്പീലിലാണ് നടപടി.

********************************